## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3106** — 24.02.2016-ൽ മറുപടിക്ക്

### <u>ഭരണ പരിഷ്കാരം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.യു. കുരുവിള** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) ഭരണപരിഷ്കാരം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) 1957-ൽ ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായും, 1965-ൽ ശ്രീ.എം.കെ. വെള്ളോടി ഐ.സി.എസ്സിന്റെ നേതൃത്വത്തിലും, 1997-ൽ ശ്രീ.ഇ.കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്ക്കാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ശുപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു. ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായി മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1,2,3,4,6,7,8,10,11,12,13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇതിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തുടർ നടപടികൾ സ്വീകരിച്ച/സ്വീകരിച്ചുവരുന്ന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സേവനാവകാശം നടപ്പാക്കിയ തോട്ടുകൂടി ജനങ്ങൾക്ക് വേഗം | (ബി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും അഴിമതി |

| | | | |
|---|---|---|---|
| | സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ; | | കുറയ്ക്കുന്നതിലേയ്ക്കും കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം 3-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും സേവനാവകാശ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന് കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും വകുപ്പുകൾക്ക്/ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം,2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/ സ്ഥാപനങ്ങൾ അവ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ സേവനാവകാശ ചട്ടം 6 പ്രകാരം നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | താഴെ തട്ടിലുള്ള സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെട്ട | (സി) | സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശുപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധിച്ച് ശുപാർശകൾ |

| | |
|---|---|
| ത്തുമോയെന്ന് അറിയിക്കുമോ ; | സമർപ്പിക്കുന്നതിനായി 20.01.2016-ലെ സ.ഉ. (അച്ചടി) നം. 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) ജീവനക്കാർക്ക് ആവശ്യത്തിനുള്ള ഭൗതിക സാഹചര്യം ഓഫീസുകളിൽ ഏർപ്പെടുത്തുമോയെന്ന് വിശദമാക്കാമോ ; | (ഡി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ആവശ്യത്തിനുള്ള ഭൗതിക സാഹചര്യം ഏർപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## മൂന്നാമത് ഭരണ പരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടിലെ അംഗീകരിച്ച ശുപാർശകൾ

**ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ**

1 പൗരാവകാശ പത്രിക

2 സുതാര്യതയും അറിയുവാനുള്ള അവകാശവും.

3 പൊതുജനപരാതിപരിഹാരം

4 അധികാര വികേന്ദ്രീകരണവും ഭരണപരിഷ്ക്കാരവും

5 മോണിറ്ററിംഗ്

**രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ**

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ-നിയന്ത്രണം (Punching)

**മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ**

1 ധനപരമായ പരിഷ്ക്കാരങ്ങൾ

2 ഭരണവകുപ്പിലെയും വകുപ്പദ്ധ്യക്ഷന്മാരുടെയും നിലവിലുള്ള ധനപരമായ അധികാരം വർദ്ധിപ്പിക്കുക

3 സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക

**നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ**

1 കഴിവ് മെച്ചപ്പെടുത്തൽ

2 നിയമന-സ്ഥാന നിർണ്ണയം

3 അച്ചടക്കം

**ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ**

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ട കാര്യങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് സംബന്ധിച്ച്

**ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ**

സംസ്ഥാന നിയമ കമ്മീഷൻ രൂപീകരണം - കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്ക്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപീകരിക്കൽ.

**എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ**

പട്ടികജാതി, പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫെയർ എന്നീ വകുപ്പുകളിലെ ഭരണപരിഷ്ക്കാരങ്ങൾ.

**പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ**

പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ

**പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ**

സർക്കാരും പൊതുമേഖലാസ്ഥാപങ്ങളും തമ്മിലുള്ള അനുരഞ്ജനം.

**പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ**

ആരോഗ്യ മേഖലയിലെ വികസനം

**പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ**

അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപന വൽക്കരണ ശുപാർശകൾ

സെക്ഷൻ ഓഫീസർ.